STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.24/PR/SPMC/PHQ/2023 Date:23.02.2023

## പോലീസിൽ സമത്വപൂർണ്ണമായ തൊഴിലിടം ഒരുക്കും: മന്ത്രി ബാലഗോപാൽ

സുരക്ഷിതവും വിവേചന രഹിതവും സമത്വപൂർണ്ണവുമായ തൊഴിലിടം വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി ഒരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ധനകാര്യമന്ത്രി കെ.എൻ.ബാലഗോപാൽ. തൊഴിൽ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി കോവളം വെള്ളാർ ആർട്സ് ആൻറ് ക്രാഫ്റ്റ്സ് വില്ലേജിൽ ചേർന്ന സംസ്ഥാനതല വനിതാ പോലീസ് സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അച്ചടക്കം മുഖമുദ്രയാക്കിയ പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് മാനസിക സമ്മർദ്ദം ഇല്ലാതെ ജോലി ചെയ്യാൻ സാധിക്കണം. പ്രശ്നങ്ങൾ തുറന്നുപറഞ്ഞ് പരിഹരിക്കാൻ കഴിയണം. ഇത്തരം സമ്മേളനങ്ങൾ അതിനുള്ള വേദിയാകണമെന്ന് മന്ത്രി പറഞ്ഞു.

പോലീസിലേക്ക് കൂടുതൽ വനിതകളെ നിയോഗിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായാണ് വനിതാ ബറ്റാലിയന് രൂപം നൽകിയത്. മാറ്റത്തിന്റെ മുഖമാണ് വനിതാ പോലീസ് ഉദ്യോഗസ്ഥർ. പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സാന്നിധ്യം പരാതിക്കാർക്ക് നൽകുന്ന ആശ്വാസം ചെറുതല്ല. പോലീസിലെ സാങ്കേതിക വിഭാഗങ്ങളായ സൈബർ പോലീസ്, ടെലിക്കമ്മ്യൂണിക്കേഷൻ എന്നിവയിൽ കൂടി വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ എ.ഡി.ജി.പി കെ.പത്മകുമാർ സ്വാഗതം

ആശംസിച്ചു. ഐ.ജി ഹർഷിത അത്തല്ലൂരി നന്ദി പറഞ്ഞു. മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

വ്യത്യസ്ത സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥർ ദിനംപ്രതി നിരവധി പ്രതിസന്ധികളാണ് അഭിമുഖീകരിക്കുന്നത്. ജോലി സ്ഥലത്തെ സമ്മർദ്ദം മുതൽ അടിസ്ഥാന സൗകര്യങ്ങളിലെ അഭാവം വരെ ഇതിൽപ്പെടുന്നു. വിവിധ റാങ്കുകളിലെ വനിതാ പോലീസ് ഉദ്യോഗസ്ഥർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പലപ്പോഴും യഥാസമയം പരിഹരിക്കാൻ കഴിയാതെ പോകുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കാനാണ് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നും സ്പെഷ്യൽ യൂണിറ്റുകളിൽ നിന്നും സിവിൽ പോലീസ് ഓഫീസർ മുതൽ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് സംസ്ഥാനതലത്തിൽ വിപുലമായ സംഗമം നടത്തുന്നത്. 185 പേരാണ് രണ്ട് ദിവസത്തെ സംഗമത്തിൽ പങ്കെടുക്കുന്നത്. റാങ്ക് വ്യത്യാസമില്ലാതെ ഇത്രയും പോലീസുകാരെ ക്ഷണിച്ചുവരുത്തി ഈ വിഷയത്തിൽ അഭിപ്രായം കേൾക്കുന്നത് ഇതാദ്യമാണ്.

ആധുനിക സാങ്കേതികവിദ്യയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പങ്ക് എന്ന വിഷയത്തിൽ വിജിലൻസ് ഡയറക്ടർ എ.ഡി.ജി.പി മനോജ് എബ്രഹാം രാവിലെ ക്ലാസെടുത്തു. ഉച്ചയ്ക്ക് ശേഷം ആറ് സംഘങ്ങളായി തിരിഞ്ഞ് വനിതാ പോലീസ് ഉദ്യോഗസ്ഥർ അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. വെള്ളിയാഴ്ച രാവിലെ ഈ വിഷയങ്ങൾ രണ്ട് വിദഗ്ദ്ധ പാനലിന് മുന്നിൽ അവതരിപ്പിക്കും. ഐ.പി.എസ് ഉദ്യോഗസ്ഥരായ ബി.സന്ധ്യ, കെ.പത്മകുമാർ, ഡോ.ഷേക്ക് ദർവേഷ് സാഹിബ്, മനോജ് എബ്രഹാം എന്നിവരും വിരമിച്ച ഐ.പി.എസ് ഉദ്യോഗസ്ഥരായ ജേക്കബ് പുന്നൂസ്, എ.ഹേമചന്ദ്രൻ എന്നിവരും മൃദുൽ ഈപ്പൻ, ഐ.എ.എസ് ഉദ്യോഗസ്ഥയായ ഡോ.എം.ബീന എന്നിവരും അടങ്ങിയതാണ് പാനൽ. എ.ഡി.ജി.പി കെ.പത്മകുമാറിന്റെ നേതൃത്വത്തിൽ ഈ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കും. നയരൂപീകരണവേളകളിൽ ഈ രേഖ സർക്കാർ സംവിധാനങ്ങൾക്ക് ഏറെ ഫലപ്രദമാകും.

വെള്ളിയാഴ്ച വൈകിട്ട് നാല് മണിക്ക് നടക്കുന്ന സമാപന ചടങ്ങിൽ ആരോഗ്യമന്ത്രി വീണാ ജോർജ്ജ് മുഖ്യാതിഥിയായിരിക്കും.

************************